16580
24/10/16

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വനം വന്യജീവി വകുപ്പ് - മലയാറ്റൂർ ഡിവിഷനിലെ കാലടി റെയിഞ്ചിലെ മഞ്ഞപ്പാറ തേക്ക തോട്ടത്തിലെ പുനർലേലം - സർക്കാർ നഷ്ടം എഴുതിത്തള്ളി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനം വന്യജീവി (ബി) വകുപ്പ്**

സ.ഉ.(സാധാ)നം.398/2016/വനം തീയതി, തിരുവനന്തപുരം,20.10.2016

---

പരാമർശം :- 1) അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (നോർത്തേൺ റീജിയൺ) കോഴിക്കോടിന്റെ 28.02.2013-ലെ എഫ്-4247/10 നമ്പർ കത്ത്.

2) അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (സംരക്ഷണം) -ന്റെ 06.05.2013 തീയതിയിലെ പ്രൊ (5) 15059/13 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

മലയാറ്റൂർ ഡിവിഷനിലെ കാലടി റെയിഞ്ചിലെ 1976 മഞ്ഞപ്പാറ തേക്ക തോട്ടത്തിൽ ഇടമുറി നടത്തി ശേഖരിച്ച തേക്കുകഴകൾ 25.01.1984-ൽ നടന്ന ലേലത്തിൽ ശ്രീ.ഇ.വി.പോളി 44,310/- രൂപയ്ക്ക് ലേലം കൊള്ളുകയുകയുണ്ടായി. മുഴുവൻ തുകയടച്ച് കഴകൾ നീക്കം ചെയ്യാത്തതിനെത്തുടർന്ന് പുനർ ലേലത്തിൽ ഉൾപ്പെടുത്തിയെങ്കിലും ആരും ലേലം കൊള്ളുവാൻ തയ്യാറാകാത്തതിനാൽ കഴകൾ നശിച്ചു പോയിട്ടുള്ളതും സർക്കാരിന് 38,388/-രൂപയുടെ നഷ്ടമുണ്ടാകുകയും ചെയ്തു. എന്നാൽ ടിയാന്റെ പേരിൽ സ്ഥാവര ജംഗമ വസ്തുക്കളില്ലാത്തതിനാൽ ടിയാനിൽ നിന്നും നഷ്ടം ഈടാക്കാൻ കഴിഞ്ഞില്ലെന്നും, നഷ്ടം ഈടാക്കുന്നതിന് യാതൊരു നിർവ്വാഹവുമില്ലാത്തതിനാൽ ടിയാളുടെ പേരിലുള്ള സർക്കാർ നഷ്ടമായ 38,388/-രൂപ എഴുതിത്തള്ളണമെന്നാവശ്യപ്പെട്ട് പരാമർശം (1) പ്രകാരം റീജിയണൽ നോർത്ത് അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റും പരാമർശം (2) പ്രകാരം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റും പ്രപ്പോസൽ സമർപ്പിച്ചിട്ടുണ്ട്.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ.ഇ.വി.പോളിയിൽ നിന്നും സർക്കാർ നഷ്ടം ഈടാക്കുവാൻ യാതൊരു മാർഗ്ഗവുമില്ല എന്ന അഡിഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (നോർത്തേൺ റീജിയൺ) കോഴിക്കോടിന്റെയും,

..2)

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ്-ന്റെയും ശുപാർശ പരിഗണിച്ചും 30 വർഷക്കാലത്തെ പഴക്കം ഉള്ള വിഷയമായതിനാലും, 25.01.1984-ൽ മഞ്ഞപ്പാറ തേക്ക് തോട്ടത്തിൽ നടന്ന തേക്കുകഴ ലേലത്തിൽ ശ്രീ.ഇ.വി.പോളി എന്നയാൾ മൂലം സർക്കാരിനുണ്ടായ നഷ്ടമായ 38,388/-(മുപ്പത്തിഎണ്ണായിരത്തി മുന്നൂറ്റി എൺപത്തിയെട്ട് രൂപ മാത്രം) ലേലക്കാരനിൽ നിന്നും ഒരു തരത്തിലും വസൂലാക്കുവാൻ നിർവാഹമില്ലാത്ത സാഹചര്യത്തിൽ എഴുതിത്തള്ളി ഉത്തരവാകുന്നു.

ഗവർണറുടെ ഉത്തരവിൻപ്രകാരം
ഗിരിജ കുമാരി.ജി.
ഡെപ്യൂട്ടി സെക്രട്ടറി.

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫോറസ്റ്റ്സ്, ലാന്റ് & റിസോഴ്സസ്), തിരുവനന്തപുരം.
അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (റീജിയണൽ നോർത്ത്), കോഴിക്കോട്.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ &ഇ)/ആഡിറ്റ്), കേരളം, തിരുവനന്തപുരം.
ധനകാര്യ (അഗ്രി വിംഗ്.സി) വകുപ്പ് (12.08.2016-ലെ Agri-C2/152/2015/Fin.പ്രകാരം)
വിവര പൊതുജന സമ്പർക്ക വകുപ്പ്(വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ /ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ